നാവായിക്കുളം പഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട ഹരിജൻ കോളനികൾ

95. [113] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം ആണെന്നും, അവിടങ്ങളിലെ ഹരിജനങ്ങൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോളനിനിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെൻറ് ഇതിനകം എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും അതിനുവേണ്ടി ഇതിനാലകം എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രയോജനങ്ങൾ ഏതെല്ലാംവിധത്തിൽ എത്രപേർക്ക് ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഇ) ഈ വർഷത്തേക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിന് എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൻറെ പ്രയോജനം എത്രപേർക്ക് ഏതെല്ലാം വിധത്തിൽ ഉണ്ടാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇവിടെ ഒരു അംഗീകൃത ഹരിജൻ കോളനിയുണ്ട്. അത് നാവായിക്കുളം കോളനിയാണ്. 1981-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിൽ 4566 ഹരിജനങ്ങളുണ്ട്

(ബി, സി, ഡി, ഇ) വിവരം ശേഖരിച്ചു വരുന്നു.

കിളിമാനൂർ പഞ്ചായത്തിലെ ഹരിജൻ കോളനികൾ

96. [114] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട കിളിമാനൂർ പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനിനിവാസികളുടെ സമുദ്ധാരണത്തിനുവേണ്ടി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണെന്നും ആയതിലേക്ക് വേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഈ വർഷം അവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും അതിലേക്കുവേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഇതിനാലകം ഇവിടെ നടപ്പാക്കിയ ക്ഷേമ പരിപാടികൾ എത്ര പേർക്ക് പ്രയോജനപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) കിളിമാനൂർ പഞ്ചായത്തിൽ അംഗീകൃത ഹരിജൻ കോളനികൾ ഇല്ല

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly